പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 874 05.02.2020 ന് മറുപടിയ്ക്ക്.

## നാട്ടാനകളുടെ ഉടമസ്ഥാവകാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നാട്ടാനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിൽ സുപ്രീംകോടതി അംഗീകരിച്ച കേന്ദ്ര വനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പ്രസ്തുത മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (എ) | നാട്ടാനകളുടെ ക്ഷേമവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര വനമന്ത്രാലയത്തിനു കീഴിൽ വരുന്ന കേന്ദ്ര സൂ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനമന്ത്രാലയം പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങുന്ന 08/01/2008-ലെ നമ്പർ 9-5/2003 പി.ഇ നമ്പർ മെമ്മോറാണ്ടവും 29/09/2017-ലെ എഫ്.നമ്പർ 2-05/2006 പി.ഇ(വാല്യം II) നമ്പർ മെമ്മോറാണ്ടവും ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഗുരുവായൂർ, കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾ നാട്ടാനകളെ പാർപ്പിക്കുവാൻ കൂടുതൽ സ്ഥലം കണ്ടെത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; | (ബി) | കേന്ദ്ര വനമന്ത്രാലയത്തിന്റെ 29/09/2017-ലെ എഫ്.നമ്പർ 2-05/2006 പി.ഇ(വാല്യം II) നമ്പർ മെമ്മോറാണ്ടത്തിലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഒരു ആനയ്ക്ക് കുറഞ്ഞത് 0 . 2 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ 08/01/2008-ലെ നമ്പർ 9-5/2003 പി.ഇ നമ്പർ മെമ്മോറാണ്ടത്തിലെ മാർഗ്ഗനിർദ്ദേശങ്ങളിലും, 2003-ലെ കേരള നാട്ടാന പരിപാലന നിയമത്തിലും, 2012-ലെ ഭേദഗതി നിയമത്തിലും ഒരു മുതിർന്ന ആനയെ പാർപ്പിക്കുന്നതിനായി കുറഞ്ഞത് 54 ച.മീ. വരുന്ന തറ വിസ്താരം ഉള്ള ആനക്കൊട്ടിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് അനുസരിച്ച് ദേവസ്വം ബോർഡുകളും ആനയുടമസ്ഥരും പാർപ്പിട സൗകര്യം ഒരുക്കുവാൻ ബാദ്ധ്യസ്ഥരാണ്. |

| | | | |
|---|---|---|---|
| (സി) | അതിൻപ്രകാരമുള്ള നിർദ്ദേശം ദേവസ്വം ബോർഡുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | 2003-ലെ കേരള നാട്ടാന പരിപാലന നിയമവും 2012-ലെ ഭേദഗതി നിയമവും സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ബന്ധപ്പെട്ടവർക്ക് പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഗുരുവായൂർ ദേവസ്വം പുന്നത്തൂർ കോട്ടയും കേരള സംസ്ഥാന വന്യജീവി ബോർഡ് ഉപസമിതി 20/06/2013-ൽ പരിശോധന നടത്തി നൽകിയ റിപ്പോർട്ടിൽ ആനകളെ പാർപ്പിക്കുന്നതിനായി കൂടുതൽ സ്ഥലം ദേവസ്വം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ